ഉത്തരം

(എ) ഉണ്ട്. 10 ബെഡ്ഡുള്ള ആശുപത്രിയായി പ്രവർത്തിച്ചുവരുന്നു.

(ബി & സി) തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് ഗവൺമെന്റ് ആയുർവേദ ആശുപത്രി 22-1-2014-ലെ സ.ഉ.(കൈ)26/14/ആ.കു.വ. നമ്പർ പ്രകാരം 30 ബെഡ്ഡായി ഉയർത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിമൂലം ഇക്കാര്യത്തിൽ ധനകാര്യവകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നു. ഈ വിഷയം വീണ്ടും സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ ആശുപത്രികളിലെ സൗജന്യ മരുന്നുവിതരണം

149 (814) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ സൗജന്യമായി വിതരണം ചെയ്യുന്ന 820-ൽ കൂടുതൽ ജനറിക് മരുന്നുകളിൽ എത്ര മരുന്നുകൾ നിലവിൽ ലഭ്യമാണ് ; ഓരോ മരുന്നിന്റെയും എത്ര സ്റ്റോക്കുവീതം കൈവശമുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത മരുന്നുകളിൽ നിലവിൽ ലഭിക്കാത്ത മരുന്നുകൾ ഏതെല്ലാം ; അവ എപ്പോൾ ലഭ്യമാക്കും ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഹൃദ്രോഗികൾക്ക് മെഡിക്കൽ കോളേജുകളിൽ പോലും സൗജന്യ ജീവൻരക്ഷാ മരുന്നുകൾ ലഭ്യമല്ല എന്നതും മെഡിക്കൽ കോളേജുകൾക്ക് ഇത് കെ.എം.എസ്.സി.എൽ. നൽകുന്നില്ല എന്നതും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) നിലവിൽ ഓരോ മെഡിക്കൽ കോളേജിലും രോഗികൾക്കു നൽകേണ്ടതും കൈവശമുള്ളതുമായ മരുന്നുകളും അവയുടെ സ്റ്റോക്കും നടപ്പുവർഷം കെ.എം.എസ്.സി.എൽ. മെഡിക്കൽ കോളേജുകൾക്കു നൽകിയ മരുന്നുകളുടെ അളവും എത്രയെന്ന് വ്യക്തമാക്കുമോ ; സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 585 ഇനം മരുന്നുകളും അനുബന്ധ ഉപകരണങ്ങളുമാണ് നടപ്പു സാമ്പത്തിക വർഷം സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി വിതരണം ചെയ്യുന്നതിനായി കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത മരുന്നുകളുടെ നിലവിലുള്ള സ്റ്റോക്ക് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പു സാമ്പത്തിക വർഷം സർക്കാർ ആശുപത്രികളിലൂടെയുള്ള സൗജന്യ മരുന്നുവിതരണത്തിനായി 585 ഇനം മരുന്നുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ടെണ്ടർ 2015 ജനുവരി 8-ന് ആരംഭിച്ചു. ടെണ്ടർ സമർപ്പിച്ച വിതരണക്കാരുടെ രേഖകളുടെയും പ്രമാണങ്ങളുടെയും പരിശോധന, മരുന്ന് ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളുടെ പരിശോധന തുടങ്ങിയവനടത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2015 ഏപ്രിൽ മാസം മുതൽ പർച്ചേസ് ഓർഡറുകൾ നൽകിത്തുടങ്ങിയിട്ടുണ്ട്. ഇതിൽ വിതരണക്കാരെ ലഭിക്കാത്ത 71 ഇനം മരുന്നുകളും മുൻ വർഷത്തെക്കാൾ കൂടുതൽ വില ക്വാട്ട് ചെയ്ത 20 ഇനം മരുന്നുകളും ഉൾപ്പെടെ 91 ഇനം മരുന്നുകളുടെ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹൃദ്രോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ആസ്പിരിൻ, അംലോഡിപിൻ, അറ്റെനലോൾ, ക്ലോപ്പിഡോഗ്രൽ, ഡിൽറ്റിയാസെം തുടങ്ങിയ ടാബ്ലറ്റുകളും ഡോപാമിൻ, ഡോബ്യൂട്ടാമിൻ തുടങ്ങിയ ഇൻജക്ഷനുകളും ഐസോസോർബൈഡ് മോണോ നൈട്രേറ്റ്, ഗ്ലിസെറിൻ ട്രൈനൈട്രേറ്റ്, നിഫെഡിപിൻ, പ്രൊപ്രനൊലോൾ തുടങ്ങിയ മരുന്നുകളും കെ. എം. എസ്. സി. എൽ. മുഖേന സംഭരിച്ച് സർക്കാർ ആശുപത്രികൾക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഹൃദ്രോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന സെടപ്ടോകൈനെസ് എന്ന മരുന്നിന്റെ ലഭ്യതക്കുറവുണ്ടെന്ന് മനസ്സിലാക്കി കാരുണ്യാ ഫാർമസി മുഖേന അതിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) 2015-16 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ കോർപ്പറേഷൻ മുഖേന മെഡിക്കൽ കോളേജുകളിലേയ്ക്ക് വിതരണം നടത്തിയ മരുന്നുകളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* തുടർ വിതരണത്തിനായുള്ള മരുന്നുകൾക്ക് 2015 ഏപ്രിൽ മാസം മുതൽതന്നെ വിതരണ ഓർഡറുകൾ നൽകിയിട്ടുണ്ട്.

നിയമവിരുദ്ധ മരുന്ന് വില്പന

150 (815) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമ വിരുദ്ധമായി മരുന്നുകൾ വിൽക്കുന്നതിനുള്ള പരസ്യങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly